# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1179

05.03.2018-ൽ മറുപടിക്ക്

## മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ.മുരളീധരൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷയും തീരദേശ സുരക്ഷയും ഉറപ്പാക്കുന്നതിന് വേണ്ടി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കെ.എം.എഫ്.ആർ ആക്ട് കാലോചിതമായി പരിഷ്ക്കരിക്കുകയും അതിലെ ചട്ടങ്ങളിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ നിർബന്ധമായും ലൈഫ് ജാക്കറ്റുകൾ പോലുള്ള ജീവൻ സുരക്ഷാ ഉപകരണങ്ങൾ ധരിച്ചിരിക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരികയുമാണ്. കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് മുഖാന്തിരം എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഓഖി ചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ ദുരന്തത്തിന്റെയും പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവയെ പറ്റി മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് അറിയിക്കുന്നതിന് INCOIS മായി ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്. അതിലേയ്ക്കായി 145778 മത്സ്യത്തൊഴിലാളികളുടെ ടെലഫോൺ നമ്പറുകൾ ശേഖരിച്ച് ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. ആയതോടൊപ്പം മത്സ്യബന്ധനത്തിന് പുറപ്പെടുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന മൊബൈൽ ആപ്ലിക്കേഷൻ NIC വഴി തയ്യാറാക്കിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതാണ്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനായി മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ബി) | നാവിക നിയമങ്ങൾ, സുരക്ഷാ നിയമങ്ങൾ എന്നിവയിൽ മത്സ്യബന്ധന തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | നാവിക നിയമങ്ങൾ, സുരക്ഷാ നിയമങ്ങൾ എന്നിവയിൽ മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനായി പദ്ധതി തയ്യാറാക്കി വരുന്നു. കൂടാതെ മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നു. |
| (സി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷയ്ക്കായി നാളിതുവരെ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | ഓഖി ചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ ദുരന്തത്തിന്റെയും പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവയെ പറ്റി മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് അറിയിക്കുന്നതിന് INCOIS മായി ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്. അതിലേയ്ക്കായി 145778 മത്സ്യത്തൊഴിലാളികളുടെ ടെലഫോൺ നമ്പറുകൾ ശേഖരിച്ച് ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. ആയതോടൊപ്പം മത്സ്യബന്ധനത്തിന് പുറപ്പെടുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന മൊബൈൽ ആപ്ലിക്കേഷൻ NIC വഴി തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉടൻ നടപ്പിലാക്കുന്നതാണ്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനായി മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ